**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6133** **09-11-2021 - ൽ മറുപടിയ്ക്ക്**

**പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലെ ഏകോപനമില്ലായ്മ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ** | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പൊതു മരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ഏകോപനമില്ലായ്മ കാരണം പുനർനിർമ്മിച്ച റോഡുകൾ വെട്ടിപ്പൊളിക്കുന്നതും റോഡുകൾ പുനർനിർമ്മിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി ഇരു വകുപ്പുകളും കൂടിയാലോചിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡ് കുഴിക്കുന്നതിനുള്ള അനുമതിയ്ക്കായി പൊതുമരാമത്ത് വകുപ്പിൽ പോർട്ടൽ വഴി അപേക്ഷ നൽകുകയും, പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കി അനുമതി ലഭ്യമാക്കിയ ശേഷമാണ് റോഡ് കുഴിച്ച് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. പുനരുദ്ധരിച്ച റോഡുകളുടെ ഗ്യാരന്റി കാലാവധി കഴിയുന്നതു വരെ സാധാരണ പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭ്യമാകാറില്ല. എന്നാൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ചില അത്യാവശ്യ ഘട്ടങ്ങളിൽ മുൻകൂറായി റോഡ് പുനഃസ്ഥാപന തുകയൊടുക്കി പുനർ നിർമ്മിച്ച റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായി വരുന്നുണ്ട്. പദ്ധതികൾക്ക് ഭരണാനുമതി നൽകിയാലുടൻ തന്നെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട റോഡുകൾ കുഴിക്കുന്നതിനുള്ള നടപടികളെടുക്കുകയും റോഡ് പുനഃസ്ഥാപന തുകയുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി ഫണ്ട് നൽകുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യാറുണ്ട്. റോഡ് പുനഃസ്ഥാപന തുകയൊടുക്കിയ ശേഷമാണ് ജല അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തിയായാലുടനെ റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാറുണ്ട്. പുനഃസ്ഥാപന തുക ഒടുക്കിയിട്ടുണ്ടെങ്കിലും പൈപ്പ് ലൈൻ സ്ഥാപിച്ച ഭാഗം മാത്രം പുനഃസ്ഥാപന പ്രവൃത്തികൾ നടത്താതെ റോഡ് മുഴുവനായി പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് കാത്തിരിക്കുന്നത് മൂലമാണ് പലപ്പോഴും റോഡ് |

| | | | |
|---|---|---|---|
| | | | പുനർനിർമ്മിക്കുന്നതിന് കാലതാമ സമുണ്ടാകുന്നത്. മാത്രവുമല്ല ഫണ്ട് ലഭ്യതയിലുണ്ടാകുന്ന കാലതാമസവും ഇതിനു കാരണമാകാറുണ്ട്. ജല അതോറിറ്റിയും, പൊതുമരാമത്ത് വകുപ്പും കൂടി ആലോചിച്ച് ഏകോപനത്തോടുകൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും റോഡ് പുനഃസ്ഥാപന പ്രവൃത്തികളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം നിലവിലുണ്ട്. കൂടാതെ കിഫ്ബി പോലുള്ള ചില പദ്ധതികളിൽ റോഡ് പുനഃസ്ഥാപന പ്രവൃത്തികളും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന കരാറുകാരൻ തന്നെ ചെയ്യണമെന്ന നിബന്ധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി റോഡ് പുനഃസ്ഥാപന പ്രവൃത്തികൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സാധിക്കും. പരമാവധി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ